**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*381.** **13.11.2019 ൽ മറുപടിയ്ക്ക്**

## മദ്യ ഉപഭോഗത്തിലുണ്ടായ വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.എൻ.ജയരാജ്<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | | ശ്രീ.ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പമന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിൽ മദ്യശാലകൾ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | വിദേശമദ്യചട്ടം 1953-ലെ ചട്ടം 13 -ൽ അനുശാസിക്കുന്ന വ്യവസ്ഥകൾ പാലിച്ച് സർക്കാർ അതാത് കാലയളവിൽ നിശ്ചയിക്കുന്ന ഫീസ് ഈടാക്കിയാണ് മദ്യശാലകൾ അനുവദിക്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മദ്യ ഉപഭോഗം എത്ര ശതമാനം വർദ്ധിച്ചുവെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് ബിയർ ഒഴികെയുള്ള ഇന്ത്യൻ നിർമിത വിദേശ മദ്യത്തിന്റെ ഉപഭോഗം 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ തൊട്ടുമുൻപുള്ള വർഷത്തേക്കാൾ യഥാക്രമം 2%, 2%, 4% എന്നിങ്ങനെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. എന്നാൽ ബിയറിന്റെ ഉപഭോഗം 2016-17, 2017-18 എന്നീ വർഷങ്ങളിൽ തൊട്ടുമുൻപിലെ വർഷത്തേക്കാൾ യഥാക്രമം -3%, -23% കുറവും 2018-19 വർഷത്തിൽ 5% വർദ്ധനവും ഉണ്ടായിട്ടുണ്ട്. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അടച്ചുപൂട്ടിയതും ഈ സർക്കാരിന്റെ കാലത്ത് തുറന്ന് പ്രവർത്തിക്കാൻ അനുമതി നൽകിയതുമായ ബാറുകൾ, പുതിയതായി അനുവദിച്ച | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രവർത്തിച്ചുവന്ന ബാർ ലൈസൻസുകളിൽ ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് മാത്രം ബാർ ലൈസൻസ് അനുവദിച്ചതിനെ തുടർന്ന് ബിയർ പാർലറുകളായി മാറി 2016 മാർച്ച് മാസത്തിൽ പ്രവർത്തിച്ചിരുന്ന |

| | | | |
|---|---|---|---|
| | ബാറുകൾ ബിവറേജസ് കോർപറേഷൻ വില്പനശാലകൾ ഇവ എത്രയെണ്ണം വീതമാണെന്ന് അറിയിക്കാമോ? | | 383 സ്ഥാപനങ്ങൾക്ക് എഫ്.എൽ.3 ലൈസൻസ് 3 സ്റ്റാർ ക്ലാസിഫിക്കേഷൻ ലഭിച്ചതിനെ തുടർന്ന് ഈ സർക്കാർ പുതുക്കി നൽകിയിട്ടുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 158 ബാർ ലൈസൻസുകളാണ് പുതുതായി അനുവദിച്ചിട്ടുള്ളത്.<br>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പുതുതായി (എഫ്.എൽ.1) ചില്ലറ വിദേശമദ്യ വില്പന ശാലകൾ അനുവദിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**